# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T3325 — 21.12.2012-ൽ മറുപടിക്ക്

### വിസർജ്ജ്യവസ്തുക്കളുടെ സംസ്കരണത്തിനുള്ള ഏജൻസികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കക്കൂസ് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സെപ്റ്റിക് ടാങ്കുകൾ ക്ലീൻ ചെയ്യുന്നതിനും എത്രഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; എത്ര വാഹന ങ്ങളാണ് ഇതിനു വേണ്ടി ഉപയോഗിക്കുന്നത് ; ഇപ്രകാരമുള്ള മാലിന്യങ്ങൾ എവിടെ നിക്ഷേപിക്കണം എന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; | എ) സംസ്ഥാനത്ത് കക്കൂസ് മാലിന്യങ്ങൾ (സെപ്റ്റേജ്) ശേഖരിക്കുന്നതിന് ഏജൻസികളെ/ടാങ്കർ ലോറികളെ അംഗീകരിക്കുന്നതിന് നടപടി എടുക്കേണ്ടത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡാണ്. എന്നാൽ സെപ്റ്റേജ് സംസ്കരിക്കുന്നതിന് സംസ്കരണ ശാലകൾ ഇല്ലാത്തതിനാൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് ടാങ്കർലോറികൾക്ക് അംഗീകാരം കൊടുത്തിട്ടില്ല. എത്ര വാഹനങ്ങളാണ് ഇതിന് ഉപയോഗിക്കുന്നത് എന്ന കണക്കും മാലിന്യത്തിന്റെ അളവും അറിയുന്നതിനായി ഒരു പഠനം Centre for Water Resources Development & Management (CWRDM) നെ ചുമതലപ്പെടുത്തി ശുചിത്വമിഷൻ നടത്തുന്നുണ്ട്. ആയതിന്റെ റിപ്പോർട്ട് ആയിട്ടില്ല. സംസ്ഥാനത്ത് ജില്ലാതലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനായി സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ തുടർന്നുണ്ടായ ജനങ്ങളുടെ ഭാഗത്തുനിന്നുള്ള എതിർപ്പുകൾ കാരണത്താൽ പല ജില്ലകളിലും മേൽനടപടികൾ സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ മാതൃക പ്ലാന്റ് ഈ സാമ്പത്തിക വർഷത്തിൽ സഹായം നൽകി സ്ഥാപിക്കാനായി നടപടി എടുത്തു വരുന്നു. തിരുവനന്തപുരത്തെ മുട്ടത്തറയിൽ സ്ഥാപിക്കുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സെപ്റ്റേജ് കൂടി സംസ്കരിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. കൂടാതെ എറണാകുളത്തെ എളംകുളത്ത് നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സെപ്റ്റേജ് കൂടി സംസ്കരിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. ആയതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. |

ബി) പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നുണ്ടോ ; വ്യവസ്ഥകൾ ലംഘിച്ച് പൊതുസ്ഥലങ്ങളിലും കുടിവെള്ള സംഭരണികളിലും കക്കൂസ് മാലിന്യം നിക്ഷേപിക്കുന്നു എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇപ്രകാരം പ്രവർത്തിച്ചവർക്കെതിരെ എന്തു നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ ?

ബി) സംസ്ഥാന പരിസ്ഥിതി വകുപ്പിൽ നിന്ന് 8.4.2011 ൽ ഇറക്കിയ സർക്കുലർ പ്രകാരം മോട്ടോർ വാഹന വകുപ്പിൽ നിന്നും ടാങ്കർ ലോറികളുടെ ഫിറ്റ്നസും സെഫ്റ്റിയും ടെസ്റ്റ് ചെയ്യണമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സെപ്റ്റേജ് ട്രാൻസ്പോർട്ട് ചെയ്യുന്ന ടാങ്കറുകൾക്ക് ജലമലിനീകരണ നിയന്ത്രണ നിവാരണ നിയമപ്രകാരം ഉള്ള അനുമതി പത്രം നൽകണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പ്രദേശങ്ങളിൽ അനധികൃതമായി സെപ്റ്റേജ് ഒഴുക്കുന്നത് തടയണമെന്നും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നും IPC 277 പ്രകാരം ജലാശയങ്ങളിലേക്കും മറ്റും സെപ്റ്റേജ് അനധികൃതമായി തള്ളുന്നതിനെതിരെ നടപടി എടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ